Imagination- 2019

# iMaGiNaTiOn

## *DIGITAL MAGAZINE 2019-20*


**GHSS PERINGOME(13104)**

**peringome13104@gmail.com**





PREPARED BY : LITTLE KITE UNIT

Kite Registration No :LK/2018/13104

Imagination- 2019

# പത്രാധിപ സമിതി

**ചീഫ് എഡിററർ : സുഗതൻ. പി.പി.**

**സ്റ്റാഫ്എഡിററർ : സതീശൻ. പി**

**സ്റ്റുഡന്റ് എഡിററർ : ഫാത്തിമ.എം.**

**ജോ.എഡിററർ :സിദ്ധാർഥ്.കെ**

## അംഗങ്ങൾ

1. ഫാത്തിമത്ത് സജ.പി
2. റിഹാന.എ
3. നബീല.പി.സി
4. ഫാത്തിമത്ത് സന
5. ശ്രീനിധി.ടി.
6. ഫാത്തിമ.കെ.പി
7. സഫ്രത്ത്.കെ .വി

## മുഖവുര:

പെരിങ്ങോം സ്കൂൾ ലിററിൽ കൈററ് ക്ളബ്ബിന്റെ രണ്ടാം സംരംഭമാണിത്. (വോള്യം-2). കുട്ടികളുടെ സർഗ വാസനകൾ പ്രോൽസാഹിപ്പിക്കാൻ തയ്യാറാക്കിയത്....

മലയാളം ടൈപ്പിങ്ങിലുള്ള പരിശീലനം ലിററിൽ കൈററ് അംഗങ്ങൾക്ക്....അവകാശങ്ങളൊന്നുമില്ല..........കുററങ്ങൾ.......കുറവുകൾ ...ക്ഷമിക്കാം. കുട്ടികളല്ലേ.....


KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION [KITE]

Certificate of Registration

This is to certify and grant approval to

13104 - Govt.Higher Secondary School Peringome, Thaliparamba (DEO)

of Kannur District as a unit of LITTLE KITEs.

Office Seal

ANWAR SADATH. K
Vice Chairman & Executive Director

പത്രാധിപർ


# താളുകളിലൂടെ


| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 1 | ചിത്രം - ഗ്രാമം | 5 |
| 2 | തത്തമ്മക്കിളി ,ചിത്രം - എന്റെ മരം | 5 |
| 3 | ചിത്രം - പ്രകൃതി,എന്റെ ചിന്നു | 6 |
| 4 | ചിത്രം -ചിത്രശലഭം,എലിയും പൂച്ചയും | 7 |
| 5 | ചിത്രം - കാർട്ടൂൺ | 8 |
| 6 | ചേച്ചിയമ്മ | 9 |
| 7 | ചിത്രം- പന്ത് ,Respect everyone | 10 |
| 8 | ചിത്രം- തത്ത | 11 |
| 9 | Thursty Crow , ചിത്രം- വീട് | 12 |
| 10 | കൂട്ടം തെററിയ കുഞ്ഞിക്കൊമ്പൻ | 13 |
| 11 | ചിത്രം- പുലരി | 14 |
| 12 | അപ്പുവിന്റെ ഗുണപാഠം,ചിത്രം - ശ്രീരാമൻ | 15 |
| 13 | ചിന്നുവും പൂച്ചയും | 16 |
| 14 | ചിത്രം-പൂവ് | 17 |
| 15 | White Rabbit , ചിത്രം- ആന | 18 |
| 16 | സ്കൂൾ ഡയറി - ഫോട്ടോ | 19 |
| 17 | ചിത്രം- ജലച്ഛായം,മുത്തച്ഛൻ മാവ് | 20 |
| 18 | ചിത്രം- വീട്,കലകൾക്കുള്ള സ്വാധീനം | 21 |
| 19 | കോഴിയും കുറുക്കനും | 22 |
| 20 | ചിത്രം- നവ വധു,സാന്താക്ളോസ്, | 23 |
| 21 | ചിത്രം - കുതിര,ഡക്ക്,ചിത്രം-വൃക്ഷം, പുലരി | 24 |
| 22 | ചിത്രം- ഗ്രാമം ,എന്റെ വീട്,,കപ്പൽ | 25 |

| ക്രമ നമ്പർ | ഉള്ളടക്കം | പേജ് നമ്പർ |
|---|---|---|
| 23 | സ്കൂൾ ഡയറി - ഫോട്ടോ | 26 |
| 24 | പട്ടിയും പൂച്ചയും ,ചിത്രം- ജീവൻ | 27 |
| 25 | ഭൂമി അനാഥയല്ല ,എന്റെ ചിത്രം | 28 |
| 26 | സ്കൂൾ ഡയറി - ഫോട്ടോ | 29-30 |




Imagination- 2019




## തത്തമ്മക്കിളി

തത്തമ്മക്കിളി പാട്ടുപാടി

തത്തക്കൂട്ടിലിരുന്നുടനെ

കള്ളിപ്പൂച്ച പാത്തു പതുങ്ങി

തക്കം നോക്കി നടപ്പായി

കണ്ടു ഭയന്നൊരു തത്തമ്മക്കിളി

കൂട്ടരെയൊന്നു വിളിച്ചുടനെ

ഞ്യാവൂ ഞ്യാവൂ കള്ളിപ്പൂച്ച

മച്ചിൽ കേറി ഒളിച്ചല്ലോ

(മാനസി ജയരാജ്)



(ഫിദ ഫിറോസ്)



# എന്റെ ചിന്നു

ഞാൻ ഒരു ദിവസം കാട്ടിൽ പോയപ്പോൾ ഒരു പക്ഷി ദാഹിച്ചു കിടക്കുന്നുണ്ടായിരുന്നു. ഞാൻ ആ പക്ഷിക്ക് ദാഹമടങ്ങുന്നതുവരെ വെള്ളം കൊടുത്തു .

എനിക്ക് ആ പക്ഷിയെ ഇഷ്ടമായതുകൊണ്ട് വീട്ടിലേക്ക് കൊണ്ടു പോയി.അതിനെ വളർത്തി വലുതാക്കി .എല്ലാ സമയവും അതിന്റ കൂടെ ചിലവഴിച്ചു .അതിന്റെ പേരാണ്, ചിന്നു

ഫാത്തിമ

3



# എലിയും പൂച്ചയും

ഒരു മർജാരൻ വന്നുഭൂവിരാത്രിയി-
ലിരയും തേടി നടക്കുന്നേരം
തരസാ ചെന്നൊരു വലയിൽച്ചാടി
കരവും കാലുമിളക്കാൻ മേലാ
പരവശനപ്പോൾ ഞ്യാവൃ ഞ്യാവൃ

കരവൃതും ചെന്നവിടെ വലഞ്ഞു
അരികേയുള്ളൊരു ചോട്ടിലിരിക്കും
പെരുതായുള്ളൊരു മൂഷികനിപ്പോൾ
അരിയായുള്ളൊരു പൂച്ചത്തടിയൻ
കരയുന്നത് കേട്ടൊന്നു വിരണ്ടു
ഉരിയാടാതെ മുഖം കാട്ടുന്നതു
മൊരുകുറി കണ്ടാൻ പൂച്ചയുമപ്പോൾ
സരസതയോടു വിളിച്ചാനവനെ-
പ്പരവശനായ് ഞാൻ മൂഷീകവീര
വലയിൽ ചാടി വലഞ്ഞിതു ഞാനൊരു
ഫലമില്ലാതെ മരിപ്പാറായി
എലിയും പൂച്ചയുമന്യോന്യം ബഹു
കലഹികളെന്നൊരു ചൊല്ലതു കൊള്ളാം

**Imagination- 2019**

*കലഹമെനിക്കും ഭവാനോടില്ലതു*
*നലമൊട്ടു നീയിഹ ബോധിക്കേണം*
*വലയുടെ ചരട്ടു കടിച്ചുമുറിപ്പാൻ*
*പലപല കൗശലമങ്ങുണ്ടല്ലോ*

*എലിയെന്നല്ല, ഭവാനൊരു ദശയിൽ*
*പുലിയെക്കാളതി വമ്പനതാകും*
*പലവിധമിങ്ങനെ മാർജാരകനുടെ*
*പരവശവാക്കുകൾ കേട്ടൊരുനേരം*
*എലിയതു ബോധിച്ചരികേ ചെന്നഥ*
*വലകണ്ടിപ്പാൻ വട്ടം കൂടി.*

*(സമ്പാദനം . ശ്രേയ ലക്ഷ്മി)*



**Imagination- 2019**

# <u>ചേച്ചിയമ്മ</u>

രവിയുടെ വീടിനടുത്ത് ഒരു പുതിയ താമസക്കാർവന്നു. ആ വീട്ടിൽ ഒരു വ്യദ്ധയായ സ്ത്രീയും, രണ്ടു മക്കളുമായിരുന്നു താമസിച്ചിരുന്നത്. അവരുടെ മൂത്തമകളായ പൊന്നു ചേച്ചിയെ ഞാൻ ചേച്ചിയമ്മ എന്നായിരുന്നു വിളിച്ചിരുന്നത്.

ചേച്ചിയമ്മക്ക് എന്നെ വളരെ അധികം ഇഷ്ടമായിരുന്നു ..എനിക്ക് തിരിച്ചും അങ്ങനെത്തന്നെ ആയിരുന്നു.

അവരുടെ വസ്ത്രങ്ങളും,കളിപ്പാട്ടങ്ങളും എനിക്ക് തരുമായിരുന്നു. നാളുകൾക്ക് ശേഷം ചേച്ചിയമ്മ മരണപ്പെട്ടു .അതോടെ ഞാൻ ഏകയായി. പിന്നീടുള്ള ജീവിതം ഞാൻ തനിച്ചായിരുന്നു. എല്ലാം നഷ്ടപ്പെട്ടവനെപ്പോലെ..

(സിദ്ധാർത്ഥ്.കെ)



(മുഹമ്മദ് മുഹ്സിൻ 2A)

## ***RESPECT EVERYONE***

**The king lion started appointing the animals at different posts in his royal court. He made the cheetah as the army commander because the cheetah was the fastest runner .**


**Since the elephant was wise, he became the Prime minister. All the animals except the rabbit, the tortoise and the donkey got different posts. The zebra said "the tortoise is very slow in moving .**

The rabbit gets afraid easily, the donkey is a fool so these people have no right to get any posts”.

But the king lion said “each animal has unique quality.The rabbit is a fist runner so he will Be our messenger.The tortoise can go ahead any where .Lets make him the spy on the border since the donkey has aloud voice he will make the announcements. my dear friends, you must respect everyone.

Moral:We must respect everyone.

(നർജല)



(അരുണിമ.എസ്സ്: 4 A)

**Imagination- 2019**

# *THIRSTY CROW*

***There was a crow in a forest. He was very thirsty oneday.He searched for water every where. At last he saw a water pot there,near a well. He looked into the pot. The crow saw some stones nearby. It thought of a plan. He picked up some stones. He put them one by one into the pot. The water level in the pot came up. The crow drank the water and flew away happily***

***Anziya muneer k***



# കൂട്ടം തെറ്റിയ കുഞ്ഞിക്കൊമ്പൻ


ഒരിക്കൽ ഒരു കാട്ടിൽ കുറേ മൃഗങ്ങൾ ജീവിച്ചിരുന്നു .അങ്ങനെയിരിക്കെ കുറേ ആനകൾ  ഒരുമിച്ച് നടക്കുകയായിരുന്നു .അപ്പോൾ പെട്ടെന്നൊരു  ശബ്ദം കേട്ടു.......ഠോ.....ഠോ...... ആനക്കൂട്ടം തെറ്റിയോടാൻ തുടങ്ങി. ചില ആനകൾ കാട്ടിലേക്ക് തിരികെയോടി,എന്നാൽ അവരിൽ  ഏറ്റവും  ചെറുതും കുറുമ്പനുമായ കുഞ്ഞനാനയെ കാണാനില്ല. എല്ലാവരും ഒത്തുചേർന്ന് കാടാകെ തിരഞ്ഞുവെങ്കിലും കു ഞ്ഞനാനയെകണ്ടെത്താൻ സാധിച്ചില്ല.

അവരെല്ലാം നിരാശരായി മടങ്ങിപ്പോയി. ശബ്ദം കേട്ട ആനക്കൂട്ടം തെറ്റിയോടിയപ്പോൾ പേടിച്ച കുഞ്ഞനാന ഓടിപ്പോയത് ഗ്രാമത്തിലേക്കായിരുന്നു.അവൻ വെപ്രാളത്തിൽ എങ്ങോട്ട് പോകുമെന്ന് തിരിയാതെ ചിതറിയോടിയതായിരുന്നു.

ഗ്രാമത്തിൽ ആ സമയം സർക്കസ് ഫെസ്റ്റിവൽ ആയിരുന്നു.മൃഗപരിശീലനം നൽ കുന്ന റിംഗ് മാസ്റ്റർ ഗ്രാമത്തിലൂടെ തന്റെ വാഹനവുമായി പോകുകയായിരുന്നു. ആ സമയത്തായിരുന്നു കുഞ്ഞിക്കൊമ്പൻ ആ വഴി പോയത്.ആനയെക്കണ്ട റിംഗ് മാസ്റ്റർ ഉടൻ തന്റെ കയ്യിൽ ഉണ്ടായിരുന്ന വല ഉപയോഗിച്ച് കുഞ്ഞിക്കൊമ്പനെ പിടികൂടി.സർ ക്കസ് ടെന്റിലേക്ക് പോയി .പിന്നീടുള്ള കൊമ്പന്റെ ജീവിതം ആ സർക്കസ് ടെന്റിലായിരുന്നു.

സിയ.വി.കെ
2.എ

**Imagination- 2019**



**Imagination- 2019**

# അപ്പുവിന്റെ ഗുണപാഠം

ഒരു ദിവസം അപ്പു അവന്റെ അമ്മൂമ്മയുടെ കൂടെ ചന്തയിൽ പോയി.ചന്തയിൽ എത്തിയപ്പോൾ അമ്മൂമ്മ അവന്റെ കയ്യിൽ 30 രൂപ കൊടുത്തു.എന്നിട്ട് "തനിക്ക് ഇഷ്ടമുള്ളത് വാങ്ങിക്കോ" എന്ന് പറഞ്ഞു അമ്മൂമ്മ പാത്രച്ചന്തയിലേക്ക പോയി.

അപ്പു ആ രൂപ അനാവശ്യമായി ചിലവഴിച്ചു.അവൻ അമ്മൂമ്മയുടെ കണ്ണ് വെട്ടിച്ച് ചന്തയിൽ അലഞ്ഞ് നടന്നു. അവനെ കാണാത്തതിനാൽ അമ്മൂമ്മ വിഷമിച്ച് വീട്ടിലേക്ക നടന്നു.

അവൻ അമ്മൂമ്മയെ കാണാത്തതിനാൽ കരയാൻ തുടങ്ങി.പിന്നെ അവന് മനസ്സിലായി, അനാവശ്യമായി കറങ്ങി നടന്ന് ഒന്നും ചെലവഴിക്കരുത്.അത് അവന്റെ ജീവിതത്തിൽ ഒരു ഗുണപാഠമായി.

Sharminaz
4.A



Imagination- 2019

# ചിന്നുവും പൂച്ചയും

ഒരു ദിവസം ചിന്നു മോൾ റോഡിലൂടെ നടക്കുകയായിരുന്നു. അപ്പോൾ പെട്ടെന്ന് ഒരു കാർ അതിലൂടെ പാഞ്ഞു വന്നു. അതു വഴി പോവുകയായിരുന്ന പൂച്ചക്കുഞ്ഞിനെ ഇടിച്ചിട്ടു.ആ പൂച്ച യുടെ കാലിന് നല്ല പരിക്ക് പറ്റി.അതിനെ എടുത്ത് ചിന്നു മോൾ വീട്ടിലേക്ക് നടന്നു.

അവൾ അതിന് കാലിൽ മരുന്ന് വച്ചു കൊടുത്തു.അതിന്റെ ദാഹം തീർക്കാൻ വെള്ളവും പാലും നൽ കി.അതിനെ അവൾ നല്ല പോലെ വളർത്താൻ തുടങ്ങി.

അവൾക്ക് അതിനെ വിട്ടുപിരിയാൻ കഴിയാത്തത്രയും അടുത്തു. അങ്ങന ഇരിക്കെ ഒരു ദിവസം ആ പൂച്ചക്ക് ഒരു രോഗം ബാധിച്ചു.ആ പൂച്ചയെ ചികിൽസിക്കാനുള്ള തുക അവളുടെ കയ്യിൽ ഉണ്ടായിരുന്നില്ല.അതിനാൽ അവൾ വളരെ അധികം വിഷമിച്ചു.

അവളുടെ വിഷമം കണ്ടു അവളുടെ അമ്മയ്ക്ക് ദേഷ്യമാണു വന്നത്."ഏതോഒരു തെരുവ് പൂച്ചയ്ക്ക് വേണ്ടി താൻ എന്തിന് വിഷമിക്കുന്നു".അമ്മ ദേഷ്യം പിടിച്ചു.അവൾ സ്കൂളിൽ പോയപ്പോൾ ആ പൂച്ചയെ അമ്മ വെളിയിൽ കൊണ്ടു പോയി കളഞ്ഞു.
ചിന്നു സ്കൂൾ വിട്ടു വന്നപ്പോൾ പൂച്ചയെ കാണാത്തതിനാൽ അവൾ വി ഷമിച്ചു.

അങ്ങനെ സങ്കടത്താൽ ദിവസങ്ങൾ തള്ളി നീക്കി.

**Imagination- 2019**

ഒരു ദിവസം ചിന്നുവിന്റെ പാദസരം കാണാതായപ്പോൾ അതും എടുത്തു കൊണ്ട് ആ പൂച്ച വീണ്ടും അവളുടെ അടുത്തേക്ക് തിരിച്ചു വന്നു. അവൾക്ക് സന്തോഷമായി.വീണ്ടും പണ്ടത്തെ പോലെ അവർ അടുത്തു തുടങ്ങി...

ഫാത്തിമ.കെ

7.A



# ***WHITE RABBIT***

**I have a little rabbit**

**Whose ears are soft as silk**

**And his coat as white as milk**

**My rabbit cannot talk to me**

**But only with his nose ,**

**I can tell when he is happy**

**........................................................................................................**



**Imagination- 2019**

# സ്കൂൾ ഡയറി.



ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

## പ്രവേശനോത്സവം



**Imagination- 2019**




## മുത്തച്ഛൻ മാവ്

രാഹുൽ പതിവ് പോലെ മാവിൻ ചോട്ടിലെത്തി.നിറയെ ഇലകൾ വീണു മെത്തപോലെ കിടക്കുന്ന അവൻ മീതെ ഇരുന്നു.തണുത്ത കാറ്റ് അവനെ തലോടി.അവന്റെ മുത്തച്ഛൻ അവനെ തൊട്ടതുപോലെ തോന്നി.അവൻ ചുറ്റും നോക്കി.ആരെയും കാണുന്നില്ലല്ലോ..ഒരു കാക്ക മരക്കൊമ്പിൽ ഇരുന്ന് നീട്ടു വിളിച്ചു. അവൻ കൂട്ടുകാരെ വിളിച്ചു കൂടുകയാണ്.മാവിൽ നിറയെമാമ്പഴമുണ്ട്.

കുറെ കൂട്ടുകാരുമായി അണ്ണാനും ഉറുമ്പുകളുമൊക്കെ എത്തി.എത്ര ജീവികളാണ് മാമ്പഴത്തിന്റെ രുചി നോക്കാൻ പാവം എന്റെ മുത്തച്ഛൻ മാത്രമില്ലല്ലോ.അന്ന് മുത്തച്ഛൻ പറഞ്ഞവാക്കുകളവനോർത്തു.കുട്ടാ ഈ മരം വളർന്ന് വലുതായാൽ നിറയെ മാമ്പഴമുണ്ടാകും.കുറേ കൂട്ടുകാരെ നിനക്ക് കിട്ടും .മധുരത്തോടൊപ്പം മുത്തച്ഛനെ ഓർക്കുകയും വേണം കേട്ടോ.പെട്ടെന്നാണ് അമ്മയുടെ വിളി കേട്ടത് സ്കൂളിൽ പോകേണ്ടേ.?മുത്തച്ഛൻ മാവിൽ വന്നുചേർന്ന കൂട്ടുകാരുടെ വിശേഷങ്ങൾ എല്ലാവരോടും പറയണം .അവൻ വേഗത്തിൽ അവന്റെ വീട്ടിലേക്ക് നടന്നു.മുത്തച്ഛൻ അവൻ യാത്ര പറഞ്ഞു....

**Imagination- 2019**



( ഉമർ.പി)

## മനുഷ്യമനസ്സുകളിൽ കലകൾക്കുള്ള സ്വാധീനം

പണ്ടത്തെ മനുഷ്യർ കലകൾ വളരെയധികം ഇഷ്ടമുള്ള കൂട്ടത്തിലുള്ളവയായിരുന്നു.കലകളോട് വളരെയധികം താല്പര്യമുള്ള കൂട്ടത്തിലും.പക്ഷെ കാലം കഴിയുന്തോറും നമ്മുടെ സമൂഹത്തിന് കലകളോടുള്ള താല്പര്യം കുറഞ്ഞുവരികയാണ്.മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും പിടിയിലകപ്പെട്ട് സ്വന്തം ജീവിതത്തെപോലും മറന്നുപോകുന്നവരാണ്ഈ സമൂഹത്തിലുള്ളവർ. മയക്കുമരുന്നിന്റെ പിടിയിലകപ്പെട്ട് കലാസൃഷ്ടികളെ തച്ചുടക്കുവാൻ മടിയില്ലാത്തവരാണ് നമ്മുടെ ഇടയിലുള്ള ഭൂരിഭാഗം പേരും.ചിത്രങ്ങളിലൂടെയും മറ്റു കലാസൃഷ്ടിയിലൂടെയുമാണ്



കവിതയും കഥകളുമൊക്കെ ജനിക്കുന്നത്.അതിനുദാഹരണങ്ങൾ ഒരുപാടാണ്.വിൻസെന്റ് വാൻ ഗോഗിന്റെ പൊട്ടറ്റോഈറ്റേഴ്സ് എന്ന ചിത്രമാണ് സുഭാഷ് ചന്ദ്രൻ ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയെഴുതാൻ പ്രചോദനമായത്. അതുപോലെത്തന്നെ മൈക്കലാഞ്ചലോവിന്റെ ലാപിയാത്ത എന്ന ശില്പമാണ് മൈക്കലാഞ്ചലോ മാപ്പ് എന്ന കവിതക്ക് നിമിത്തമായത്. ഡ്രഗ്ഗുകൾക്ക്

അടിമപ്പെട്ട് മൈക്കലാഞ്ചലോ പ്രതിമ തച്ചുടച്ചു എന്ന വാർത്തയാണ് ഒ.എൻ.വിയെ മൈക്കലാഞ്ചലോ മാപ്പ് എന്ന കവിതയൊഴുതാൻ പ്രേരിതമാക്കിയത്.കലാസൃഷ്ടികൾ എല്ലാവർക്കും ഇഷ്ടമാണെങ്കിൽ പോലും മറ്റുള്ളവരുടെ പിടിയിലമർന്ന് മനുഷ്യർ ഇതിനൊക്കെ മറന്നുകൊണ്ടിരിക്കുകയാണ്.കലകൾ എല്ലാവർക്കും ഒരുണർവ്വാണ് .കഥയിൽ നിന്ന് മനസ്സിലാക്കാത്തവ ചിത്രകലയിലൂടെയും ചിത്രകലയിലൂടെ മനസ്സിലാത്തവ കഥയിൽ നിന്നും നമുക്ക് മനസ്സിലാകുന്നു.ഉത്തമ കലാസൃഷ്ടിക്ക് മനുഷ്യമനസ്സിനെ സ്വാധീനിക്കാനും എന്നതിന് ഏറ്റവും വലിയ തെളിവ് തന്നെയാണ് ഇത്തരം രചനകൾ.

(ഹാജിറ നസ്രത്ത്)

## കോഴിയും കുറുക്കനും

ഒരു ദിവസം കാട്ടിലൂടെ വിശന്നു വലഞ്ഞൊരു കുറുക്കൻ പോവുകയായിരുന്നു.അപ്പോഴാണ് ഒരു കോഴി അതിലൂടെ നടന്നു പോകുന്നത് അവന്റെ ശ്രദ്ധയിൽ പെട്ടത്.കുറുക്കൻ ആർത്തിയോടെയും സന്തോഷത്തോയടെയും കോഴിയുടെ പിന്നാലെ ഓടി.എന്നിട്ടവൻ കോഴിയെ പിടിച്ചു.എന്നിട്ടവനാ കോഴിയെ ഒരു ചാക്കിലാക്കി വീട്ടിലേക്ക് പോവുകയാണ്. കുറേ ദൂരെ നടന്നപ്പോൾ അവന് വല്ലാതെ ഒരു ദാഹം.അപ്പോഴാണ് ഒരു തടാകം അവന്റെ ശ്രദ്ധയിൽപെട്ടത്.അവൻ തടാകത്തിലിറങ്ങി വെള്ളം കുടിക്കാൻ പോവുകയാണ്.ഇതെല്ലാം ഒരു കുരങ്ങൻ കാണുന്നുണ്ടായിരുന്നു.കുരങ്ങൻ മരത്തിന്റെ മുകളിൽ നിന്ന് താഴേക്കിറങ്ങി.ചാക്ക് കെട്ടഴിച്ച് വിട്ടു.അപ്പോഴതിലൊരു കോഴിയായിരുന്നു.കുരങ്ങൻ വേഗം പോയി .കുറുക്കൻ ചാക്ക് കെട്ട് എടുത്ത് പോകാൻ തുടങ്ങി.നടന്ന് നടന്ന് വീട്ടിലെത്തി.എന്നിട്ടൊരു വലിയ ചെമ്പിൽ വെള്ളം ചൂടാക്കി. വെള്ളം തിളച്ചു.എന്നിട്ടാ ചാക്ക് കെട്ടഴിച്ച് വെള്ളത്തിലിട്ടു.അപ്പോഴേക്കും അതൊരു കല്ലായിരുന്നു.കുറുക്കന്റെ ദേഹം മുഴുവനും പൊള്ളി.

(മുഹമ്മദ് ഷംനാദ്.എം)

**Imagination- 2019**






(കൃഷ്ണപ്രിയ)

സിദ്ധാർത്ഥ്-2C



**Imagination- 2019**



മുഹമ്മദ്-2C




ആരോൺ-2B

ആതിര.8C





ഹാഷിർ.5B

**Imagination- 2019**




ആയിഷ.8A





# സ്കൂൾ ഡയറി



SPC സമ്മർ ക്യാമ്പ്




ഫീൽഡ് ട്രിപ്പ്-കാനായി കാനം



**(സിദ്ധാർഥ്.കെ)**
**ശാസ്ത്രരംഗം സംസ്ഥാന തലം**

**Imagination- 2019**

## പട്ടിയും പൂച്ചയും

ഒരിടത്ത് ഒരു നായക്കുട്ടനും ഒരു പൂച്ചക്കുട്ടനും ഉണ്ടായിരുന്നു. അവർ സുഹൃത്തുക്കളായിരുന്നു. ഒരു ദിവസം പട്ടിക്കുട്ടൻ വീടിന്റെ വരാന്തയിൽ ഇരിക്കുമ്പോൾ ഒരു എല്ലിൻ കഷ്ണത്തിന്റെ മണം വന്നു. അടുത്ത വീട്ടിൽ നിന്നായിരുന്നു ആ ഗന്ധം.പട്ടിക്കുട്ടൻ ആ വീട്ടിലേക്കോടി.വീടിന്റെ മുറ്റത്തു നിന്ന് പട്ടിക്കുട്ടന് എല്ലിൻ കഷ്ണം കിട്ടി.അതുമായി വീട്ടിലേക്കോടി.കുറച്ചുകഴിഞ്ഞപ്പോൾ അതാ പൂച്ചക്കുട്ടൻ വരുന്നു.പൂച്ചക്കുട്ടൻ പട്ടിക്കുട്ടനോട് തന്റെ കൂടെ കളിക്കാൻ വരുന്നോ എന്ന് ചോദിച്ചു.ശരി വരാം ,നമുക്കൊളിച്ചും പാത്തും കളിക്കാം.ഞാൻ എണ്ണാം.നീ ഒളിക്ക് എന്ന് പട്ടിക്കുട്ടൻ പറഞ്ഞു.പട്ടിക്കുട്ടൻ മുപ്പത് വരെ എണ്ണി.പൂച്ചക്കുട്ടൻ ഓടി ചെടിയുടെ പുറകിൽ ഒളിച്ചു നിന്നു.പട്ടിക്കുട്ടൻ എണ്ണിക്കഴിഞ്ഞ് പൂച്ചക്കുട്ടനെ എല്ലായിടത്തും തിരഞ്ഞു.അവസാനം ചെടിയുടെ മറവിൽ നിന്ന് കണ്ടെത്തി.എല്ലിൻ കഷ്ണം കാണാനുമില്ല.

(മാനസി ജയരാജ് )




ഗായത്രി.കെ.

**Imagination- 2019**

## <u>ഭൂമി അനാഥയല്ല</u>

**വിശ്വഗോപുര വാതിൽ തുറന്നു**
**പണ്ടു നമ്മൾവന്നു**
**ആകാശങ്ങളിൽ നിന്നൊരു**
**ഗാനതരംഗം പോലെ**
**കാലത്തിന്റെ കിരീടമായൊരു**
**പീലിത്തിരുമുടി പോലെ**
**സ്വപ്നം കാണും തിരുമിഴികൾക്കൊരു**
**നേരിയ ഗാനവുമായി**

**നക്ഷത്രച്ചെടി നട്ടുവളർത്തിയൊ-**
**രക്ഷയപാത്രവുമായി**
**പ്രപഞ്ചഗോപുര വാതിൽ തുറന്നു**
**പണ്ട് നമ്മൾ വന്നു**
**ഭൂമീ ദേവി വെറും കയ്യോടെ**
**വിരുന്നു നൽകാൻ നിന്നു**
**അന്ന് മനുഷ്യൻ തീർത്തു ഭൂമിയി-**
**ലായിരമൂർജകണങ്ങൾ**

**(ശ്രീദിയ)**





**Imagination- 2019**

# സ്കൂൾ ഡയറി



**പ്രളയ ദുരിതത്തിൽ പെട്ടവർക്ക് ഒരു കൈത്താങ്ങ്**

**ലിററിൽകൈററ്-വീഡിയോ കോൺഫറൻസ്**



**Imagination- 2019**



**ലിററിൽകൈററ്-പരിശീലനം**

**ശിശുദിനാഘോഷം -**
**പ്രച്ഛന്നവേഷം**



**നന്ദി..................**